പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1972 14.07.2011- ലെ മറുപടി

## കെ.എസ്.ആർ.ടി.സി സർവ്വീസുകളെ ലാഭകരമാക്കുന്നതിനുള്ള പദ്ധതി

ചോദ്യം

ഉത്തരം

ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീ.പി. തിലോത്തമൻ

ശ്രീ.വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ കീഴിൽ എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്; ഇതിൽ ലാഭത്തിലോടുന്ന എത്ര സർവ്വീസുകളുണ്ട്; നഷ്ടത്തിലോടുന്ന സർവ്വീസുകൾ നിറുത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) യും (ബി) യും | 5282 ഷെഡ്യൂളുകൾ നടത്തുന്നതിലേക്കായി 5702 ബസ്സ് കെ.എസ്.ആർ.ടി.സിയിൽ നിലവിലുണ്ട്. കിലോമീറ്ററിന് 20 രൂപയ്ക്ക് താഴെ വരുമാനം ലഭിക്കുന്ന 900ത്തോളം ഷെഡ്യൂളുകൾ കെ.എസ്.ആർ.ടി.സിയിൽ ഇപ്പോൾ ഉണ്ട്. ടി ഷെഡ്യൂളുകൾ യാത്രക്കാർക്ക് പ്രയോജനപ്രദമായ രീതിയിലും കെ.എസ്.ആർ.ടി.സിക്ക് വരുമാനം കൂടുതൽ ലഭിക്കത്തക്ക രീതിയിലും നടത്തുന്നതിലേക്കായി പുനഃക്രമീകരിച്ചു വരികയാണ്. താൽക്കാലിക ജീവനക്കാരുടെ ശമ്പളം, അലവൻസ്, സ്പെയർപാർട്സ്, ഡീസൽ, ലൂബ്രിക്കൻസ് ഇവയ്ക്കായുള്ള ചെലവിന് മാത്രമായി 14.06 രൂപ കി.മീ വരുമാനം ലഭിക്കേണ്ടതുണ്ട്. (വേരിയബിൾ കോസ്റ്റ്). എന്നാൽ സ്ഥിരം ജീവനക്കാരുടെ ശമ്പളം, പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങൾ, വായ്പ തിരിച്ചടവ്, വാഹന നികുതി, എം.എ.സി.റ്റി ക്ലെയിം നൽകൽ ഇവയ്ക്കായുള്ള ചെലവുകൾക്കായി (ഫിക്സഡ് കോസ്റ്റ്) കിലോമീറ്ററിന് 20.36 |

| | | | |
|---|---|---|---|
| | | | രൂപ ലഭിക്കേണ്ടതുണ്ട്. രണ്ടും കൂടി ചേർക്കുമ്പോൾ 34.42 രൂപ കിലോമീറ്ററിന് വരുമാനം ലഭിച്ചാൽ മാത്രമേ ലാഭകരമായി നടത്തികൊണ്ട് പോകുവാൻ കഴിയുകയുള്ളൂ എന്നാണ് കണക്കാക്കിയിരിക്കുന്നത്. 34.42 രൂപ കിലോമീറ്ററിന് വരുമാനം ലഭിക്കുന്ന സർവ്വീസുകൾ കെ.എ.ആർ.ടി.സിക്ക് വളരെ കുറവാണ്. |
| (ബി) | നഷ്ടത്തിലോടുന്ന സർവ്വീസുകളെ ലാഭകരമാക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | | |
| (സി) | കെ.എസ്.ആർ.ടി.സിയുടെ പ്രവർത്തനത്തിന് പ്രതിദിനം എത്ര ലിറ്റർ ഡീസൽ ആവശ്യമുണ്ട്; ഇതിനായി എന്തു തുക മാറ്റി വെയ്ക്കുന്നുണ്ട്; വില വർദ്ധനവിനെ തുടർന്ന് പ്രതിദിനം ഡീസലിനായി എന്തു തുക അധിമായി മാറ്റേണ്ടതുണ്ടെന്ന് വെളിപ്പെടുത്തുമോ? | | പ്രതിദിനം 400000 ലിറ്റർ (നാല് ലക്ഷം ലിറ്റർ) ഡീസൽ കെ.എസ്.ആർ.ടി.സിയുടെ പ്രവർത്തനത്തിന് ആവശ്യമുണ്ട്. ഇതിനായി ഒരു കോടി എഴുപത്തിയഞ്ച് ലക്ഷം രൂപ മാറ്റി വയ്ക്കുന്നുണ്ട്. ഡീസൽ വില വർദ്ധനവിനെ തുടർന്ന് പ്രതിദിനം 1200000 രൂപ കോർപ്പറേഷൻ അധികമായി ചിലവാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ